LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം നോർത്ത് മണ്ഡലത്തിലെ റോഡ് നിർമ്മാണം പൂർത്തിയാക്കാൻ നടപടി

31 [1441] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നോർത്ത് മണ്ഡലത്തിലെ തോപ്പുമുക്ക്-മൂന്നാംമൂട് റോഡ് നിർമ്മാണ ചുമതലയുടെ കരാർ ഉറപ്പിച്ചത് എന്നാണെന്ന് അറിയിക്കാമോ;

(ബി) കരാർ പ്രകാരം ഈ റോഡ് നിർമ്മാണ പ്രവർത്തനം എന്ന് പൂർത്തിയാക്കേണ്ടതായിരുന്നു;

(സി) റോഡ് നിർമ്മാണം വളരെ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) നഗരത്തിലെ ഉള്ളൂർ-ആക്കുളം-കുഴിവിള റോഡിന്റെ മൂന്നാംഭാഗം നിർമ്മാണ പ്രവർത്തനത്തിന്റെ കരാർ എന്നാണ് ഉറപ്പിച്ചത്;

(ഇ) നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(എഫ്) നഗരത്തിലെ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2002 ജൂലൈ മാസം.

(ബി) 2003 മാർച്ച് മാസം.

(സി) ഗതാഗതം തടസ്സപ്പെടുത്താതെയുള്ള നിർമ്മാണ പ്രവർത്തനവും ചെയ്തു തീർത്ത പണിയുടെ തുക കിട്ടുന്നതിനുള്ള കാലതാമസവുമാണ് റോഡ് നിർമ്മാണം വൈകുന്നതിന്റെ കാരണം.

(ഡി) 2003 ഏപ്രിൽ മാസം.

(ഇ) പുരോഗമിച്ചുവരുന്നു.

(എഫ്) സ്വീകരിച്ചുവരുന്നു.

അച്ചൻകോവിൽ-കോന്നി-തണ്ണിത്തോട്-ശബരിമല റോഡിന്റെ നിർമ്മാണം

32 [1442] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിൽ-കോന്നി-തണ്ണിത്തോട്-ശബരിമല റോഡിന്റെ പ്രാഥമിക സർവ്വേ പൂർത്തിയായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേലുള്ള തുടർ നടപടികൾ ഏത് ഘട്ടത്തിലാണ്;